Series G7DEF

SET-4

Q.P. Code **12**

Roll No. | | | | | | | | |

Candidates must write the Q.P. Code on the title page of the answer-book.

**നിർദേശങ്ങൾ**

(I) ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

(II) പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.

(III) ചോദ്യപേപ്പറിൽ **8** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

(IV) **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ തന്നിട്ടുള്ള ഇടങ്ങളിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**

(V) ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

**NOTE** [ ]

*(I) Please check that this question paper contains **15** printed pages.*

*(II) Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.*

*(III) Please check that this question paper contains **8** questions.*

*(IV) Please write down the Serial Number of the question in the answer-book at the given place before attempting it.*

*(V) 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the candidates will read the question paper only and will not write any answer on the answer-book during this period.*

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*

***General Instructions :***

*(i)* *This question paper is divided into* ***four*** *sections.*

*(ii)* *It has total* ***8*** *questions.*

*(iii)* ***Section A :*** *2 questions no. 1 to 2.*

*(iv)* ***Section B :*** *1 question no. 3.*

*(v)* ***Section C :*** *2 questions no. 4 to 5.*

*(vi)* ***Section D :*** *3 questions no. 6 to 8.*

*(i)* *ഈ ചോദ്യപേപ്പർ* ***നാല്*** ***വിഭാഗങ്ങളായി*** *തരം തിരിച്ചിരിക്കുന്നു.*

*(ii)* *ഇതിൽ ആകെ* ***8*** *ചോദ്യങ്ങളുണ്ട്.*

*(iii)* ***എ*** *വിഭാഗത്തിൽ : 2 ചോദ്യങ്ങൾ – ചോദ്യനമ്പർ 1 മുതൽ 2 വരെ.*

*(iv)* ***ബി വിഭാഗത്തിൽ :*** *1 ചോദ്യം – ചോദ്യനമ്പർ 3.*

*(v)* ***സി വിഭാഗത്തിൽ :*** *2 ചോദ്യങ്ങൾ – ചോദ്യനമ്പർ 4 മുതൽ 5 വരെ.*

*(vi)* ***ഡി വിഭാഗത്തിൽ :*** *3 ചോദ്യങ്ങൾ – ചോദ്യനമ്പർ 6 മുതൽ 8 വരെ.*

## എ വിഭാഗം / SECTION A

**1.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള 8 ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. (ഓരോന്നിനും ഒരു മാർക്ക് വീതം) (Reading Comprehension) *8 ×1=8*

ജീവന്റെ ഉല്പത്തി ജലത്തിൽ നിന്നാണ്; സംസ്കാരങ്ങളുടെയും. കൃഷിയാവശ്യങ്ങൾക്കായി മനുഷ്യർ ജലസ്രോതസ്സുകളിൽ കൂട്ടായ്മകൾ തീർത്തപ്പോൾ മനുഷ്യസംസ്കാരങ്ങളും രൂപം കൊണ്ടു. 'അഗ്രികൾച്ചറിൽ' നിന്നാണ് 'കൾച്ചർ' രൂപപ്പെട്ടത് എന്നതാണ് പച്ചപ്പരമാർത്ഥം. പുഴകൾ അവയുടെ പ്രവാഹങ്ങളിൽ ഫലഭൂയിഷ്ഠമായ മണ്ണ് നദീതീരങ്ങളിലേക്ക് എത്തിച്ചപ്പോൾ, അവിടെ കൃഷി ചെയ്യുന്നതിനും, അത് കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും തദ്വാര സാംസ്കാരികസവിശേഷതയുള്ള ജനതയായി പരിണമിക്കുന്നതിനും കാരണമായിത്തീർന്നു. മനുഷ്യൻ ചെമ്പും വെളുത്തീയവും കൂട്ടിച്ചേർത്ത്,

കൂടുതൽ ഉറപ്പുള്ള വെങ്കലം കൊണ്ട് നിർമ്മിച്ച കൃഷിയായുധങ്ങൾ മെച്ചപ്പെടുത്തി എടുത്ത കാലഘട്ടമായിരുന്നതിനാലാണ്, നദീ തടസംസ്കാരങ്ങളെ വെങ്കലയുഗസംസ്കാരം എന്ന് വിളിക്കുന്നത്. കൃഷിയായുധങ്ങളുടെ കണ്ടുപിടിത്തവും ജലസേചന സൗകര്യങ്ങളുടെ ഉപയോഗപ്പെടുത്തലും മൂലം വെങ്കലയുഗത്തിൽ കൃഷിക്കും കച്ചവടത്തിനും ഏറെ പ്രാധാന്യം വന്നു. സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറുന്ന ബാർട്ടർ സമ്പ്രദായം, ക്രമേണ പണത്തിന്റെ ഉപയോഗത്തിലേക്ക് പ്രവേശിച്ചതും ഈ യുഗത്തിലാണ്. ആശയവിനിമയം വളരെ എളുപ്പത്തിലാക്കുന്ന ലിപികളുടെ കണ്ടുപിടിത്തവും എഴുത്തുവിദ്യയും വെങ്കലയുഗസംസ്കാരങ്ങളുടെ പൊതു പ്രത്യേകതയായി ഗണിക്കപ്പെടുന്നു. ലിപി സമ്പ്രദായം നിലവിൽ വന്നതോടെ മനുഷ്യാനുഭവങ്ങൾ ലിഖിത രൂപത്തിൽ സൂക്ഷിച്ചുവയ്ക്കാൻ തുടങ്ങി. അതോടെ ചരിത്രാതീതകാലത്തു നിന്ന് ചരിത്രകാലത്തിലേക്കുള്ള പ്രയാണം ദൃശ്യമായിത്തുടങ്ങി. മൊസപ്പൊട്ടേമിയക്കാർ ക്യൂണിഫോം ലിപിയും, ഈജിപ്തുകാർ ഹൈറോഗ്രാഫിക്സ് ലിപിയും രൂപപ്പെടുത്തിയത് ഈ കാലഘട്ടത്തിലാണ്. ഹാരപ്പൻ ജനതയും ചൈനക്കാരും ചിത്രരൂപത്തിലുള്ള ലിപികളാണ് ഉപയോഗിച്ചിരുന്നത്. ഒരുപാട് കണ്ടുപിടിത്തങ്ങളുടെ കാലം കൂടിയായിരുന്നു വെങ്കലയുഗം. ദശാംശ സമ്പ്രദായവും സൗരപഞ്ചാംഗവും ഈജിപ്തുകാർ വികസിപ്പിച്ചപ്പോൾ, ലോകത്തിൽ ആദ്യമായി മട്ടത്രികോണ സമ്പ്രദായം ആവിഷ്കരിച്ചത് മൊസപ്പൊട്ടേമിയക്കാരാണ്. ഒരു ദിവസത്തെ ഇരുപത്തിനാല് മണിക്കൂറായി കണക്കാക്കിയുള്ള ചാന്ദ്രപഞ്ചാംഗവും മൊസപ്പൊട്ടേമിയക്കാരുടെ തന്നെ കണ്ടുപിടിത്തമാണ്. ഇങ്ങനെ മനുഷ്യസംസ്കാരത്തെ രൂപപ്പെടുത്തിയ, പുരോഗതിയിലേക്ക് നയിച്ച സുദീർഘമായ സുവർണ്ണ കാലഘട്ടമായി; 'സംസ്കാരങ്ങളുടെ കളിത്തൊട്ടി'ലായി വെങ്കലയുഗത്തെ ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.

**ചോദ്യങ്ങൾ :**

(i) വെങ്കല യുഗത്തെ ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത് എങ്ങനെ ?

(ii) നദീതട സംസ്കാരങ്ങളെ വെങ്കലയുഗസംസ്കാരം എന്ന് വിളിക്കുന്നത് എന്തുകൊണ്ട് ?

(iii) എന്താണ് ബാർട്ടർ സമ്പ്രദായം ?

(iv) ചരിത്രാതീത കാലത്തു നിന്ന് ചരിത്രകാലത്തിലേക്കുള്ള പ്രയാണം ആരംഭിച്ചതിന് കാരണമായി പറയുന്നത് എന്താണ് ?

(v) ലോകത്തിൽ ആദ്യമായി മട്ടത്രികോണ സമ്പ്രദായം ആവിഷ്കരിച്ചത് ആര് ?

(vi) മനുഷ്യസംസ്കാരങ്ങൾ രൂപം കൊണ്ടത് എങ്ങനെ ?

(vii) വെങ്കല യുഗത്തിൽ കൃഷിക്കും കച്ചവടത്തിനും ഏറെ പ്രാധാന്യം വന്നത് എങ്ങനെ ?

(viii) ഹൈറോഗ്ലിഫിക്സ് ലിപി രൂപപ്പെടുത്തിയത് ആരാണ് ?

**2.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള 7 ചോദ്യങ്ങൾക്കും ഉത്തരം എഴുതുക : (ഓരോന്നിനും ഒരു മാർക്ക് വീതം) (Reading Comprehension) *7×1=7*

ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിൽ ഒന്നാണ് വായുമലിനീകരണം. ഓരോ വർഷവും ലക്ഷകണക്കിന് ആളുകൾക്കാണ് അന്തരീക്ഷത്തിലെയും മറ്റും മലിനവായു ശ്വസിച്ച് ജീവൻ നഷ്ടമാകുന്നത് എന്നത് നമ്മുടെ ഉറക്കം കെടുത്തുന്ന യാഥാർത്ഥ്യമാണ്. ആസ്ത്മ മുതൽ ശ്വാസകോശാർബുദത്തിന് വരെ വായു മലിനീകരണം കാരണമാകുന്നുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്. മനുഷ്യായുസ്സിനെ പ്രതികൂലമായി ബാധിക്കുന്നതിനൊപ്പം തന്നെ, രാജ്യങ്ങൾക്ക് ഉയർന്ന സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന പ്രശ്നം കൂടിയാണ് എന്നതിനാൽ, വായു മലിനീകരണം അന്താരാഷ്ട്ര തലത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു ആഗോളപ്രശ്നമായി ഗണിക്കപ്പെടുന്നു. മൊത്തംആഭ്യന്തര ഉത്പാദനവളർച്ചയുടെ ആറു ശതമാനമാണ് മലിനീകരണപ്രശ്നങ്ങൾ

പരിഹരിക്കുന്നതിനായി ഇന്ത്യ ചെലവഴിക്കുന്നത് എന്ന വസ്തുത, ഇന്ത്യയിലെ  അന്തരീക്ഷ മലിനീകരണത്തിന്റെ തോത് എത്രത്തോളം ഭീകരമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. പരിസ്ഥിതിക്കും നമ്മുടെ ആരോഗ്യത്തിനും കനത്ത ആഘാതം ഉണ്ടാക്കുന്ന വായുമലിനീകരണത്തിന്റെ തോത് കുറയ്ക്കാൻ, ലോകരാജ്യങ്ങൾ സ്വീകരിച്ചുവരുന്ന നടപടികൾ അപര്യാപ്തമാണെന്ന് യു. എൻ. ഒ യുടെ 'എൻവയോൺമെന്റൽ പ്രോഗ്രാം' പ്രസിദ്ധീകരിച്ച റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. വായുമലിനീകരണത്തിന്റെ തോത് കുറയ്ക്കാനുള്ള മാർഗരേഖകൾ വളരെക്കുറച്ച് രാജ്യങ്ങൾ മാത്രമേ പ്രാവർത്തികമാക്കിയിട്ടുള്ളൂ എന്ന വസ്തുത, ലോകാരോഗ്യ സംഘടനയെ വലിയ പ്രതിസന്ധിഘട്ടത്തിൽ എത്തിച്ചിട്ടുണ്ട്. വായു മലിനീകരണത്തിന്റെ  കാര്യത്തിൽ ഇന്ത്യയും ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ലോകാരോഗ്യ സംഘടന തയ്യാറാക്കിയ പട്ടികയിൽ ഏറ്റവും മലിനമായ വായുവുള്ള പത്ത് നഗരങ്ങളിൽ തലസ്ഥാനനഗരിയായ ഡൽഹിയും ഉൾപ്പെടുന്നുണ്ട്. ശ്വാസകോശരോഗങ്ങളാൽ ആയുസ്സ് എത്താതെ ഒടുങ്ങുന്ന ഒരു ജനതയുടെ ശവപ്പറമ്പായി മാറും ഇന്ത്യ എന്ന മുന്നറിയിപ്പാണ് അന്താരാഷ്ട്ര മെഡിക്കൽ ജേണൽ ആയ 'ദ ലാൻഡ്സെറ്റ് പ്ലാനറ്ററി ഹെൽത്ത് ' നൽകുന്നത്. അനുദിനം മാലിന്യം കത്തിക്കുന്നതും ഫോസിൽഇന്ധനങ്ങളുടെ പുകയും നിർമ്മാണപ്രവർത്തനങ്ങളിലെ പൊടിപടലങ്ങളും വാഹനങ്ങൾ പുറന്തള്ളുന്ന പുകയും ആണ് ഇന്ത്യയിലെ വായുമലിനീകരണത്തിന് കാരണമായിത്തീരുന്നത് എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ശുദ്ധമായ ഇന്ധനം ഉറപ്പുവരുത്തുന്നതിലൂടെയും നഗരത്തിൽ കൂടുതൽ പച്ചപ്പ് പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വ്യവസായശാലകളിലെ മാരകരാസപദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെയും സാമൂഹ്യവനവൽക്കരണത്തിലൂടെയും ഭാരതത്തിലെ വായുമലിനീകരണം നിയന്ത്രണവിധേയമാക്കാൻ  സാധിക്കും.

**ചോദ്യങ്ങൾ :**

(i) 'ദ ലാൻഡ്സെറ്റ് പ്ലാനറ്ററി ഹെൽത്ത് ' നൽകുന്ന മുന്നറിയിപ്പ് എന്താണ് ?

(ii) എന്താണ് നമ്മുടെ ഉറക്കം കെടുത്തുന്ന യാഥാർത്ഥ്യം ?

(iii) വായു മലിനീകരണം അന്താരാഷ്ട്ര തലത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു ആഗോള പ്രശ്നമായി ഗണിക്കപ്പെടുന്നതിന് കാരണമെന്ത് ?

(iv) ലോക ആരോഗ്യ സംഘടനയെ വലിയ പ്രതിസന്ധിഘട്ടത്തിലേക്ക് എത്തിച്ച വസ്തുത എന്താണ് ?

(v) ഇന്ത്യയിലെ വായുമലിനീകരണത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണ് ?

(vi) യു.എൻ.ഒ. യുടെ 'എൻവയോൺമെന്റൽ പ്രോഗ്രാ'മിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്ന കാര്യം എന്ത് ?

(vii) ഖണ്ഡികയ്ക്ക് ചേരുന്ന ഒരു ശീർഷകം എഴുതുക.

## ബി വിഭാഗം / SECTION B

**3.** (a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക : *5*

(i) നവമാധ്യമങ്ങൾ വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനം

**OR (അല്ലെങ്കിൽ)**

(ii) ബോധനമാധ്യമം മാതൃഭാഷ

(b) നിങ്ങളുടെ വിദ്യാലയ പരിസരത്തെ വാഹനങ്ങളുടെ അമിതവേഗവും മത്സര ഓട്ടവും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഉചിതമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഗതാഗതവകുപ്പ് മന്ത്രിക്ക് ഒരു കത്തെഴുതുക. *5*

(c) മണ്ണിടിച്ചിലിൽ അകപ്പെട്ട 'മനു' എന്ന കൊച്ചുകുട്ടിയെ അവസരോചിതമായി രക്ഷപ്പെടുത്തിയ നിങ്ങളുടെ നാട്ടുകാരനെ അഭിനന്ദിച്ചുകൊണ്ടു നടത്തിയ യോഗത്തിന്റെ പത്രവാർത്ത തയ്യാറാക്കുക ? *4*

## സി വിഭാഗം / SECTION C

**4.** (a) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക : *2 ×1=2*

(i) കൈനികരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന വൻവ്യാപാരങ്ങൾ കോരൻ കണ്ടു.

(ii) ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വെച്ച് നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു.

(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *2 ×1=2*

(i) തുളഞ്ഞു കയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദംപോലെ തിരികുറ്റിയുടെ കരച്ചിലൊച്ച വിലാപശബ്ദം അയാളുടെ ചെകിട്ടിലലച്ചു.

(ii) കണ്ടുണ്ണി ശ്രവണത്തിനും കേൾവിക്കും അപ്പുറത്തുള്ള സ്ഥായിയിൽ നിലവിളിച്ചു.

(c) പ്രയോഗം മാറ്റുക : *2 ×1=2*

(i) വെള്ളായിയപ്പൻ അന്നം നിലത്തേക്ക് എറിഞ്ഞു.

(ii) ഞാൻ ഇന്നും ആ പത്രങ്ങൾ തന്നെ വായിക്കുന്നു.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. *2 ×1=2*

(i) അസൂയാവഹം

(ii) ക്ഷയിക്കുക

(iii) മോഹാലസ്യപ്പെടുക

**5.** തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക. *7×1=7*

(i) 'വാൾ' എന്ന പദത്തിന്റെ പര്യായപദം അല്ലാത്തപദം ഏതാണ് ?

(A) അസി (B) ഖഡ്ഗം

(C) കൃപാണം (D) അളി

(ii) 'ഗായകൻ' എന്ന പദത്തിന്റെ എതിർലിംഗം ഏത് ?

(A) ഗായത്രി (B) ഗായിണി

(C) ഗായികി (D) ഗായിക

(iii) 'ലോഭം' എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(A) ദിക്ക് (B) അത്യാഗ്രഹം

(C) ദയ (D) യാഗം

(iv) 'കോടി-കൊടി' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) വിജയം-കാഴ്ച (B) ഒരു സംഖ്യ-പതാക

(C) രശ്മി-കണ്ണ് (D) ബുദ്ധി-ദേഷ്യം

(v) 'കാലാഹി' എന്ന പദത്തിന്റെ ശരിയായ വിഗ്രഹിച്ചെഴുതിയ രൂപം ഏത് ?

(A) കാലമാകുന്ന അഹി (B) കാലത്തിന്റെ അഹി

(C) കാലവും അഹിയും (D) കാലം കൊണ്ടുള്ള അഹി

(vi) 'പത്രം' എന്ന പദത്തിന്റെ നാനാർത്ഥ പദം അല്ലാത്ത പദം ഏത് ?

(A) ഇല (B) വർത്തമാനപ്പത്രം

(C) നിഴൽ (D) ചിറക്

(vii) 'ദയ ഇല്ലാതെ' എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ഒറ്റപ്പദം ഏത് ?

(A) സദയം (B) സാദരം

(C) നിർദയം (D) ദയാലു

(viii) 'പൂവരി' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് എന്ത് ?

(A) പൂ + അരി
(B) പൂവ് + യരി
(C) പൂ + വരി
(D) പൂവ് + വരി

(ix) 'സ്തുതി' എന്ന പദത്തിന്റെ വിപരീത പദം എന്ത് ?

(A) വന്ദനം
(B) നിന്ദ
(C) സസ്തുതി
(D) ദുസ്തുതി

(x) തന്നിരിക്കുന്ന പദങ്ങളിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(A) മണിപീഠം
(B) മണിപീഢം
(C) മണിപീടം
(D) മണിപീട്ടം

## ഡി വിഭാഗം / SECTION D

**6.** തന്നിരിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക (ഓരോന്നിനും ഒരു മാർക്ക് വീതം) (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്.) *9×2=18*

(a) (i) ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്ര ദൗത്യം നിർവ്വഹിച്ച കവി ആര് ?

(A) ആശാൻ
(B) എഴുത്തച്ഛൻ
(C) റഫീക്ക് അഹമ്മദ്
(D) വൈലോപ്പിള്ളി ശ്രീധരമേനോൻ

(ii) "വത്സ! സൗമിത്രേ! കുമാര നീ കേൾക്കണം" ആരെയാണ് 'സൗമിത്രേ' എന്ന് വിളിക്കുന്നത് ?

(A) സുമിത്രയെ
(B) രാമനെ
(C) ലക്ഷ്മണനെ
(D) ഭരതനെ

(b) (i) പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻ ധാരയാർന്ന പനിനീർ സുമോപമം- എന്തിനെയാണ് പനിനീർപ്പൂവിനോട് ഉപമിച്ചിരിക്കുന്നത് ?

(A) ദിവാകരന്റെ മുഖത്തെ

(B) നളിനിയുടെ മുഖത്തെ

(C) പ്രഭാതത്തിലെ ഉദയസൂര്യനെ

(D) പ്രഭാതത്തിലെ മഞ്ഞുതുള്ളിയെ

(ii) അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്നത് ആരാണ് ?

(A) ശരീരികൾ (B) വിവേകികൾ

(C) ജനങ്ങൾ (D) സന്ന്യാസിമാർ

(c) (i) "ഞാൻ എനിക്കുവേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്." ദുര്യോധനൻ ആരോടാണ് ഇപ്രകാരം പറയുന്നത് ?

(A) സഞ്ജയനോട് (B) കൃപരോട്

(C) ജനങ്ങളോട് (D) ദ്രൗണിയോട്

(ii) ദ്രൗപദിയുടെ ആഗ്രഹം നിറവേറ്റാൻ പോകുന്ന ഭീമസേനന്റെ സാരഥി ആര് ?

(A) സഹദേവൻ (B) നകുലൻ

(C) ശ്രീകൃഷ്ണൻ (D) സാത്യകി

(d) (i) 'അത് വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല' ഏത് ?

(A) അകലെ സൂര്യൻ താഴുന്നത്

(B) ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങി വരുന്നത്

(C) കൊമ്പുവിളികൾ മുഴങ്ങുന്നത്

(D) ഉച്ചസ്ഥായിയിൽ നിശബ്ദമായി മകൻ നിലവിളിക്കുന്നത്

(ii) അന്നാദ്യമായി വെള്ളായിയപ്പന് അപരിചിതമായി തോന്നിയത് എന്താണ് ?

(A) വീട്ടിൽനിന്ന് കൂട്ട നിലവിളി ഉയർന്നത്

(B) പൊതിച്ചോറിന്റെ കഞ്ഞിനനവ് കയ്യിൽ തട്ടിയത്

(C) കരിമ്പനപ്പട്ടകളിൽ കാറ്റിരമ്പുന്നത്

(D) അപരിചിതരുടെ സംഭാഷണങ്ങൾ കേട്ടത്

(e) (i) പൂത്തറമേൽ ഓലക്കുടയും ചൂടിയിരിക്ക ആരാണ് ?

(A) പുള്ളുവൻ (B) ഓണത്തപ്പൻ

(C) പരിഷ്കാരികൾ (D) കവി

(ii) താഴെ കൊടുത്തിരിക്കുന്നവയിൽ വൈലോപ്പിള്ളി ശ്രീധരമേനോൻ രചിച്ച കാവ്യ നാടകം ഏത് ?

(A) പച്ചക്കുതിര

(B) കയ്പവല്ലരി

(C) കാവ്യലോകസ്മരണകൾ

(D) മൃതസഞ്ജീവനി

(f) 'പിന്നിലുണ്ട് ഒഴിവുകനത്തൊരിരുളിടം'

(i) എവിടെ എത്തിയപ്പോഴാണ് ഇത്തരത്തിലൊരു അനുഭവം ഉണ്ടായത് ?

(A) വിദ്യാലയ മുറ്റത്ത്

(B) കോവിലിൽ

(C) ജില്ലാശുപത്രിക്കരികിൽ

(D) പെരുംമാളിനു മുമ്പിൽ

(ii) തന്നിരിക്കുന്ന വരികൾ ഏത് കവിയുടേതാണ് ?

(A) വയലാർ രാമവർമ്മ (B) വൈലോപ്പിള്ളി

(C) റഫീക്ക് അഹമ്മദ് (D) എഴുത്തച്ഛൻ

(g) (i) ഴാങ് വാൽ ഴാങ്ങിന്റെ തള്ളിവരുന്ന ശ്വാസാവേഗത്തെ എന്തിനോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത് ?

(A) തിരുകുറ്റിയുടെ ശബ്ദത്തോട്

(B) ഗുഹയിൽ നിന്ന് പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പലിനോട്

(C) വൃദ്ധ സ്ത്രീകളുടെ ഉറക്കെയുള്ള കരച്ചിലിനോട്

(D) മെത്രാന്റെ പതിഞ്ഞ ശബ്ദത്തോട്

(ii) ഴാങ് വാൽ ഴാങ്ങിന്റെ തൊഴിൽ എന്തായിരുന്നു ?

(A) കൃഷിപ്പണി (B) കല്ലുവെട്ട്

(C) കണക്കെഴുത്ത് (D) മരംവെട്ട്

(h) (i) പണ്ട് പ്രപിതാമഹർ കാടിനുള്ളിൽ വെച്ച് കണ്ടെത്തിയ അശ്വത്തെ കാട്ടുപുൽത്തണ്ട് നൽകി വളർത്തിയത് ആരാണ് ?

(A) രാജകീയോന്മത്തസേനകൾ

(B) മുത്തശ്ശിമാർ

(C) ആഗമതത്വ വേദികൾ

(D) ദൈവം

(ii) താഴെപ്പറയുന്നവയിൽ വയലാറിന്റെ കൃതി ഏത്

(A) എനിക്ക് മരണമില്ല (B) സ്പന്ദിക്കുന്ന അസ്ഥിമാടം

(C) പാടുന്ന പിശാച് (D) മണിനാദം

(i) (i) “പഴമോടരിയും പപ്പടവും തന്നാവതുവേഗമയക്കാൻ നോക്കാം” തന്നിരിക്കുന്ന വരികളിൽ പ്രകടമാകുന്ന പുതുതലമുറയുടെ മനോഭാവം എന്ത് ?

(A) ഓണ സങ്കൽപത്തോടും മലനാട്ട് സംസ്കാരത്തോടുമുള്ള ആവേശവും അഭിമാനവും

(B) നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന നാടോടി സംസ്കൃതിയിലും പാരമ്പര്യത്തിലുമുള്ള ഹൃദയവേദന

(C) നാഗരികതയോടും പരിഷ്കാരത്തോടുമുള്ള അവജ്ഞ

(D) ഓണസങ്കൽപ്പങ്ങളോടും പാരമ്പര്യത്തോടും ഗ്രാമ നന്മകളോടും ഉള്ള പുച്ഛം നിറഞ്ഞ മനോഭാവം.

(ii) 'ഏതുമുറങ്ങാതെമ്പാടും വയലേലകൾ തോറും' നെയ്യാമ്പലുകൾ മാവേലി മന്നനെ സ്വീകരിക്കാൻ തയ്യാറെടുത്തു നിൽക്കുന്നത് എങ്ങനെ ?

(A) കുഴഞ്ഞു മടങ്ങിയ കരവിരലോടെ
(B) നടുവിൽ പൊൽക്കിഴിയെരിയുന്ന വെള്ളിത്താലവുമായി
(C) നിലാവ് ആകുന്ന കമുകിൻ പൂവരി വാരിത്തൂകി
(D) ആർപ്പുവിളികളോടെ

(j) (i) 'പത്രനീതി' എന്ന പാഠഭാഗത്ത് പരാമർശിക്കപ്പെടുന്ന വിശ്വവിശ്രുത നാടകകർത്താവ് ആര് ?

(A) സാമുവൽ ബട്‌ലർ (B) നെപ്പോളിയൻ
(C) ഇബ്സൻ (D) ഓസ്കാർ വൈൽഡ്

(ii) 'പത്രങ്ങൾ നാം വായിക്കുന്നത് ധൂമപാനം പോലെ, അത് ഒരു ദുശ്ശീലമായിത്തീർന്നതുകൊണ്ടാണ് ' തന്നിരിക്കുന്ന അഭിപ്രായം ആരുടേതാണ് ?

(A) സാമുവൽ ബട്‌ലർ
(B) ഇബ്സൻ
(C) സുകുമാർ അഴീക്കോട്
(D) ജഫഴ്സൻ

(k) "അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരു കാരണവശാലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല"

(i) എന്താണ് അക്ഷന്തവ്യമായ തെറ്റ് ?

(A) അഭയം നൽകിയ മെത്രാന്റെ ഭവനത്തിൽ നിന്ന് തന്നെ മോഷണം നടത്തിയത്
(B) യുദ്ധശ്രാന്തനായ ധൃഷ്ടദ്യുമ്നനെ ഉറങ്ങുമ്പോൾ വധിച്ചത്
(C) മകന്റെ മരണത്തിന് സാക്ഷിയാകാൻ പോകുന്ന വെള്ളായിയപ്പനെ ജയിലിൽ തടഞ്ഞത്
(D) പ്രായമായ അച്ഛനെ തകഴിയിൽ തനിച്ചാക്കി, സുഖം തേടി പെണ്ണുമായി മറുനാട്ടിൽ പോയത്

(ii) അക്ഷന്തവ്യമായ തെറ്റ് ചെയ്തത് ആരാണ് ?

(A) ഴാങ് വാൽ ഴാങ് (B) അശ്വത്ഥാമാവ്

(C) പാറാവുകാരൻ (D) കോരൻ

(l) “ഗുരു ഘാതികൾക്ക് കുലപാംസന ലോകങ്ങളില്ല”

(i) ആരാണ് ഗുരു ?

(A) കൃപർ (B) ദ്രോണർ

(C) വ്യാസൻ (D) കൃതവർമ്മാവ്

(ii) ആരാണ് ഗുരുഘാതി ?

(A) അശ്വത്ഥാമാവ്

(B) ദുര്യോധനൻ

(C) ധൃഷ്ടദ്യുമ്നൻ

(D) ശിഖണ്ഡി

**7.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. *3×3=9*

(a) പാണ്ഡവരുടെ വിജയത്തെ 'വല്ലപാടും നേടിയ വിജയ' മെന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നത് എന്തുകൊണ്ട് ?

(b) ‘കടൽത്തീരത്ത് ’ എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

(c) “സാഹിത്യം വായിക്കപ്പെടുന്നില്ല പത്രം വായിക്കാൻ കൊള്ളുകയുമില്ല” ഇത് ആരുടെ വാക്കുകളാണ് ? തന്നിരിക്കുന്ന പ്രസ്താവനയുടെ പൊരുൾ എന്ത് ?

(d) ജീവിതത്തിലെ ഇല്ലായ്മകളെ സ്നേഹംകൊണ്ട് അതിജീവിക്കുന്ന മുഹൂർത്തങ്ങൾ ‘പ്ലാവിലക്കഞ്ഞി’ എന്ന പാഠഭാഗത്ത് കണ്ടെത്താൻ കഴിയും. പാഠഭാഗത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക ?

**8.** തന്നിരിക്കുന്ന ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. *3×3=9*

(a) 'ചക്ഷു:ശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതു പോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു '
സന്ദർഭം, ആശയം എന്നിവ വിശദമാക്കുക ?

(b) "ആരാണ് മുന്നിൽ പുറത്തേക്കശാന്തനാ-
യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ" സന്ദർഭം വിശദീകരിച്ച്
വരികളിലെ സാമൂഹിക വിമർശനം വിശകലനം ചെയ്ത് എഴുതുക ?

(c) പ്രകൃതിയോട് ചേർന്ന് മാനവ ജീവിതം ഓണത്തപ്പനെ
വരവേൽക്കുന്നതെങ്ങനെയെന്ന് 'ഓണമുറ്റത്ത്' എന്ന കവിതയിൽ
നിന്ന് കണ്ടെത്തി സ്വന്തം വാക്യത്തിൽ എഴുതുക.

(d) "അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞു യുഗങ്ങൾ തൻ ഗായകർ"
അശ്വഹൃദയജ്ഞരായ പൂർവികർ ആരിൽ നിന്നൊക്കെയാണ്
സർഗശക്തിയാകുന്ന കുതിരയെ വീണ്ടെടുത്തത് ?